## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1305 — 12.03.2015 ലെ മറുപടിയ്ക്ക്

# കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;<br>(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം എത്രയായിരുന്നു; | (എ) & (ബി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 2012-13 ലെ സഞ്ചിത നഷ്ടം 2.79 കോടി രൂപയായിരുന്നു. 2013-14 ലെ പ്രൊവിഷണൽ കണക്കുപ്രകാരം കമ്പനി 11.29 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) മുൻ വർഷങ്ങളിൽ നഷ്ടത്തിലായിരുന്ന കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ലാഭത്തിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മുൻ വർഷങ്ങളിലെ സഞ്ചിത നഷ്ടം നികത്തി ലാഭത്തിലെത്തിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പണികൾ വേഗതയിൽ തീർക്കുന്ന കരാറുകാരുടെ ഒരു പാനൽ ഉണ്ടാക്കി ബോർഡ് അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യരായ കരാറുകാർക്ക് പ്രവർത്തി ഏൽപ്പിച്ചുകൊടുക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുകയും എം.ഒ.യു. പ്രകാരം പണി ഏല്പിച്ചുകൊടുക്കുകയുമുണ്ടായിട്ടുണ്ട്.<br>2. കൺസൾട്ടൻസി വിഭാഗം രൂപീകരിച്ച സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെയും ഇതര ഏജൻസികളുടെയും കൺസൾട്ടൻസി, ഡിപിആർ ജോലികളും ഏറ്റെടുത്തു നടത്തി വരുന്നു.<br>3. വകുപ്പിൽ നിന്നും ബില്ലുകൾ കിട്ടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പണിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക ബില്ലിന്റെ/ ബാങ്ക് ഗ്യാരന്റിയുടെ ഉറപ്പിൽ, കമ്പനി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിശ്ചിത പലിശ നിരക്കിൽ വർക്ക് അഡ്വാൻസ് നൽകി പണി വേഗത്തിൽ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4.പണിയുടെ പുരോഗതി, ഗുണനിലവാരം എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>5.ഉപകരാറുകാർക്ക് പണിയുടെ ബില്ലുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന ബിൽ തുകയുടെ 90% അഞ്ചു ദിവസത്തിനകം ലഭ്യമാക്കുവാനും ബാക്കി തുക ഓഡിറ്റിനുശേഷം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ധനകാര്യ വകുപ്പിൽ നിന്ന് എന്തൊക്കെ ആനുകൂല്യങ്ങളാണ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകി വന്നിരുന്നത്; അവ ഇപ്പോഴും നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേരിട്ട് നടത്തുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മറ്റ് സാമ്പത്തിക സഹായങ്ങളൊന്നും കോർപ്പറേഷന് നൽകുന്നില്ല. |
| (ഇ) | നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ നൽകാതിരുന്നാൽ ഈ സ്ഥാപനം നഷ്ടത്തിലാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കണക്കിലെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**